**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4592** | **19-03-2025 - ല്‍ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസണ്‍ മാസ്റ്റര്‍** | | **ശ്രീ ഒ . ആര്‍. കേളു<br>(പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് വീട് നിര്‍മ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയില്‍ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉള്‍പ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ഗുണഭോക്താക്കള്‍ക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങള്‍ എന്തായെന്ന് വിശദമാക്കുമോ? | (എ) | **ഭവനപൂര്‍ത്തീകരണവും ഭവന പുനരുദ്ധാരണവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന സേഫ് പദ്ധതിയില്‍ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അര്‍ഹരായ 140 പട്ടികജാതി ഗുണഭോക്താക്കളില്‍ 93 പേര്‍ക്ക് ധനസഹായം അനുവദിച്ച് നല്‍കിയിട്ടുണ്ട്. ശേഷിക്കുന്ന 47 ഗുണഭോക്താക്കള്‍ക്ക് മാര്‍ച്ച് 31 ന് മുന്‍പ് ധനസഹായം അനുവദിക്കുന്നതിനായി കരാര്‍ വയ്ക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്.**<br><br>**സേഫ് പദ്ധതിയുടെ മാനദണ്ഡങ്ങള്‍ പ്രകാരം കൈപ്പമംഗലം മണ്ഡലത്തില്‍ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട അര്‍ഹരായ ഗുണഭോക്താക്കള്‍ ഇല്ലാത്തതിനാല്‍ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവരെ സേഫ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടില്ല.** |

സെക്ഷന്‍ ഓഫീസര്‍